# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3660 17/12/2015-ൽ മറുപടിയ്ക്ക്

**മൽസ്യത്തൊഴിലാളികളുടെ ഭവനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. വർക്കല കഹാർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റ ഷണികൾക്ക് കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണിയ്ക്ക് ധനസഹായം നൽകുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിയ്ക്കാനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി ശക്തിപ്പെടുത്തുന്നതിനായി യൂണിറ്റിന് പരമാവധി 50,000/- രൂപ വീതമാണ് അനുവദിയ്ക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസന പദ്ധതി പ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിയ്ക്കുന്ന തിനുള്ള ധനസഹായമാണ് നൽകുന്നത്. |

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 921 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും, നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, പദ്ധതി പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെന്റ് / സർക്കാർ തലത്തിൽ വിലയിരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ആഫീസർ